# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇരട്ടയാർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.3-1254/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 27/12/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇരട്ടയാർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇരട്ടയാർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇരട്ടയാർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.3-1254/2023 തീയ്യതി: 27/12/2023

## ഇടുക്കി ജില്ലയിലെ ഇരട്ടയാർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഇരട്ടയാർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-11-2022 മുതൽ 03-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 08-12-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 04-12-2023 | 08-12-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ ) |
|---|---|
| 04-12-2023 | 08-12-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സജിമോൻ വി.ജി., ഓഡിറ്റ് ഓഫീസർ
ശ്രീ. ജോയ്സൺ സി.ജെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ജോഷി തോമസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ജോമോൻ ഫ്രാൻസീസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. സെബിൻ സെബാസ്റ്റ്യൻ, ഓഡിറ്റർ,

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജിൻസൺ വർക്കി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| എൻ ആർ ശിവദാസ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ ജിനേഷ് ജെ മേനോൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 31-03-2023 |
| ഗോവിന്ദരാജ് എം | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ടിനാ ജോയി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ഡോ ശോഭാ പ്രസാദ് | വെറ്ററിനറി സർജൻ | 01-04-2022 | 19-02-2023 |
| ഡോ ആശാ ലക്ഷ്മി | വെറ്ററിനറി സർജൻ | 20-02-2023 | 31-03-2023 |
| ടെസ്സി തോമസ് | ഹെഡ്മിസ്ട്രസ് | 01-04-2022 | 30-06-2022 |
| പക്രാഷ്യസ് കെ സി | ഹെഡ്മാസ്റ്റർ | 01-07-2022 | 31-03-2023 |
| രമ്യ അഭിലാഷ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 01-04-2022 | 31-03-2023 |
| ശീതൾ സി ശ്രീധരൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 01-04-2022 | 31-03-2023 |
| ഷീജ കെ ജി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 13-12-2022 |
| അനുമോൾ ആർ എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 14-12-2022 | 31-03-2023 |
| മിനിമോൾ കെ എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ഡോ. കാവ്യ കെ.എസ്. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ. വൈശാഖ് ജെ.എം. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ആസ്തി ബാധ്യതാ കണക്കുകൾ കൃത്യമല്ല | 1-1-2 |
| 4 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ലോൺ രജിസ്റ്ററിലെ തുകകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-5 |
| 7 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല | 1-1-6 |
| 8 | ദുരിതാശ്വാസനിധി പ്രത്യേക അക്കൗണ്ട് നീക്കിയിരിപ്പിലെ വ്യത്യസം. | 1-1-7 |
| 9 | വാർഷിക കണക്കുകളിലെ നിക്ഷേപ തുക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | ഗ്രാന്റ് വിനിയോഗം | 1-3 |
| 12 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ | 1-3-1 |
| 13 | ഗ്രാന്റ് വിനിയോഗത്തിലെ വീഴ്ച- ഗ്രാമപഞ്ചായത്തിന് നഷ്ടമാകുന്നത് 26 ലക്ഷത്തിൽപ്പരം രൂപ | 1-3-2 |
| 14 | പദ്ധതി അവലോകനം | 1-4 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 16 | ക്ഷേമ പെൻഷനുകൾ | 1-6 |
| 17 | ക്യാഷ് പരിശോധന | 1-7 |
| 18 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-8 |
| 19 | ബാങ്ക് അക്കൗണ്ടുകളുമായി ബന്ധപ്പെട്ട അപാകതകൾ | 1-9 |
| 20 | തനത് വിഭവ സമാഹരണം- അവലോകനം | 1-10 |
| 21 | വസ്തു നികുതി പരിഷ്കരണം -ഫ്യുവൽ സ്റ്റേഷൻ ഉൾപ്പെട്ടിട്ടില്ല | 1-11 |
| 22 | വസ്തു നികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിച്ചു | 1-12 |
| 23 | വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കുമുള്ള ലൈസൻസ് ഫീസ് പിരിവ്- അപാകങ്ങൾ | 1-13 |
| 24 | ഗുണഭോക്തൃ സമിതിയ്ക്ക് കൈമാറിയ കുടിവെള്ള പദ്ധതിയുടെ നവീകരണത്തിന് തുക അനുവദിച്ചു | 1-14 |
| 25 | വിവിധ നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 1-15 |
| 26 | അംഗൻവാടി അനുപൂരക പോഷകാഹാര വിതരണം - വിതരണ ഏജൻസിക്ക് ജിഎസ്ടി അനുവദിച്ചു | 1-16 |
| 27 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - ഗുണഭോക്താവിന് അധികം നൽകിയ തുക തിരികെ ഈടാക്കി | 1-17 |
| 28 | പി.എച്ച്.സി. ഫാർമസിസ്റ്റ് ലാബ് ടെക്നീഷ്യൻ വേതനം നൽകൽ - വിശദാംശങ്ങൾ ലഭ്യമായില്ല | 1-18 |
| 29 | മഴക്കാല പൂർവശുചീകരണം ചെലവു രേഖകൾ ഹാജരാക്കിയില്ല | 1-19 |
| 30 | ഹെഡ് മാസ്റ്റർ നടപ്പാക്കിയ പ്രൊജക്റ്റിന്റെ ഫയലുകൾ ഹാജരാക്കിയില്ല | 1- 20 |
| 31 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-21 |
| 32 | ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ -വിതരണ ഏജൻസി ഔഷധങ്ങൾ പൂർണമായി ലഭ്യമാക്കിയിട്ടില്ല | 1-22 |
| 33 | ഹരിത കർമ്മസേന – പ്രവർത്തനാവലോകനം | 1-23 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |

| | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പാർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 26-6-2023 ലെ 1(1) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി (കമ്മിറ്റി തീരുമാനത്തിന്റെ നമ്പരും തീയതിയും) 27-6-2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഇരട്ടയാർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 2023 മാർച്ച് 31 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകളും ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഇരട്ടയാർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

| | |
|---|---|
| തൊടുപുഴ | ഡെപ്യൂട്ടി ഡയറക്ടർ |
| 27.12.2023 | ഇടുക്കി |

### 1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 62 (2) (ഇ), (എഫ്) എന്നിവ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

### 1-1-2 ആസ്തി ബാധ്യതാ കണക്കുകൾ കൃത്യമല്ല

സിംഗിൾ എൻട്രി അക്കൌണ്ടിംഗ് സംവിധാനത്തിൽ നിന്നും ഡബിൾ എൻട്രി അക്കൌണ്ടിംഗ് സംവിധാനത്തിലേയ്ക്ക് മാറിയ ഘട്ടത്തിൽ ആസ്തി ബാധ്യതകൾ കൃത്യമായി നിർണ്ണയിക്കാതിരിക്കുകയും തുടർന്ന് കാലികമാക്കാതിരിക്കുകയും ചെയ്തതിനാൽ ധനകാര്യപത്രികയിൽ നൽകിയിട്ടുള്ള ആസ്തി-അവയുടെ മൂല്യശോഷണ കണക്കുകൾ കൃത്യമല്ല.

1-1-3 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹4800655/- ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹1202471/- ആണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

1-1-4 ലോൺ രജിസ്റ്ററിലെ തുകകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

ലോൺ രജിസ്റ്ററിന്റെ സൂക്ഷിപ്പ് തൃപ്തികരമല്ല. വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വിശദവിവരങ്ങൾക്ക് ഖണ്ഡിക 4-4 കാണുക.

1-1-5 വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

അക്രൂ ചെയ്യുന്ന വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. വർഷാവസാനം ജേണലിലൂടെ ക്രമീകരണങ്ങൾ നടത്തുകയാണ് ചെയ്തിട്ടുള്ളത്.

1-1-6 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല

ഇൻകം & എക്പെൻഡീച്ചർ അക്കൌണ്ട് (ഐ-18) പ്രകാരം വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരികരിക്കപ്പെട്ട വൌച്ചറുകളോ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിലെ രേഖപ്പെടുത്തൽ നിയമാനുസൃതം ആണെന്നൊ കൃത്യമാണെന്നോ ഉറപ്പുവരുത്തുന്നതിന് കഴിഞ്ഞിട്ടില്ല.

1-1-7 ദുരിതാശ്വാസനിധി പ്രത്യേക അക്കൗണ്ട് നീക്കിയിരിപ്പിലെ വ്യത്യസം.

ബാലൻസ് ഷീറ്റിലെ ബി-2 ഷെഡ്യൂൾ പ്രകാരം ദുരിതാശ്വാസ നിധിയിൽ ₹15582/- ന്റെ നീക്കിയിരിപ്പുണ്ട്. എന്നാൽ ബി-17, RP40(b) ഷെഡ്യൂളുകൾ ഇവയിൽ ഈ ആവശ്യത്തിനായി ഫെഡറൽ ബാങ്കിലുള്ള അക്കൗണ്ടിലെ നീക്കിയിരിപ്പ് ₹10673/- ആണ്. പ്രസ്തുത വ്യത്യാസത്തിന് വിശദീകരണം നൽകേണ്ടതും അപാകത പരിഹരിക്കേണ്ടതുമാണ്.

1-1-8 വാർഷിക കണക്കുകളിലെ നിക്ഷേപ തുക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

ബാലൻസ് ഷീറ്റിൽ (B 12 ഷെഡ്യൂൾ) നിക്ഷേപ തുകയായി കൊടുത്തിരിക്കുന്നത് സ്ഥിര നിക്ഷേപ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾക്ക് ഖണ്ഡിക 4-5 കാണുക.

1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് അവതരണം, അംഗീകാരം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തീരുമാന നമ്പർ /തീയതി |
|---|---|
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം | 1(1)/19-3-2023 |
| ഭരണസമിതിയിൽ അവതരണം | 1(1)/24-3-2022 |
| ഭരണസമിതി അംഗീകാരം | 1(1)/30-3-2022 |
| ബജറ്റ് പുതുക്കൽ | 2(1)/07/03/2023 |

| ഇനം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|
| മുന്നിരിപ്പ് | 10595498 |
| വരവ് | 268642000 |
| ആകെ | 279237498 |
| ചെലവ് | 273345600 |
| നീക്കിയിരിപ്പ് | 5891898 |

ബജറ്റ് തയ്യാറാക്കി അംഗീകരിക്കുന്നതിൽ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് അനുശാസിക്കുംപ്രകാരമുള്ള നടപടിക്രമങ്ങളും സമയക്ലിപ്തതയും പാലിക്കാൻ ശ്രമിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഘടക സ്ഥാപനങ്ങളിൽ നിന്ന് 4-2-2022-ൽ

ബജറ്റ് നിർദേശങ്ങൾ പരിഗണിക്കുകയും ചർച്ച ചെയ്യുകയും അവ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ജനുവരി ആദ്യവാരമുള്ള ബജറ്റ് അവതരണം എന്ന നിബന്ധന പാലിക്കാൻ കഴിഞ്ഞിട്ടില്ല.

1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് / അലോട്ട്മെന്റ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 0 | 14105000 | 14105000 | 12783457 | - | |
| വികസന ഫണ്ട്-എസ്.സി.പി | 0 | 2124000 | 2124000 | 1893623 | - | |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) * | 559880 | 2641000 | 3200880 | 3519534 | -318654 | |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) * | 1293630 | 3962000 | 5255630 | 1835358 | 3420272 | |
| സംരക്ഷണ ഗ്രാന്റ്-റോഡ് | 0 | 11672000 | 11672000 | 7440421 | - | |
| സംരക്ഷണ ഗ്രാന്റ്-റോഡിതരം | 0 | 6076000 | 6076000 | 4096186 | - | |
| ഐ.സി.ഡി.എസ് | 90103 | 1581214 | 1671317 | 730797 | 940520 | |
| ശുചിത്വ മിഷൻ | 435730 | 0 | 435730 | 0 | 435730 | |
| മറ്റ് സർക്കാർ ധനസഹായം (ശുചിത്വ മിഷൻ) | 68054 | 0 | 68054 | 0 | 68054 | |
| പ്രത്യേക് ഉദ്ദേശ ഗ്രാന്റ് (ഇനം വ്യക്തമല്ല) | 80947 | 0 | 80947 | 0 | 80947 | |
| ഖരമാലിന്യ സംസ്കരണം | 5004 | 0 | 5004 | 0 | 5004 | |
| സാക്ഷരത | 2488 | 0 | 2488 | 0 | 2488 | |
| മറ്റുള്ളവ (ഇനം വ്യക്തമല്ല) | 14989 | 0 | 14989 | 0 | 14989 | |
| ഹെൽത്ത് ഗ്രാന്റ് - പി.എച്ച്.സി | 0 | 136510 | 136510 | 0 | 136510 | |
| ഹെൽത്ത് ഗ്രാന്റ് - ഇൻഫ്രാസ്ട്രക്ച്ചർ | 0 | 267532 | 267532 | 0 | 267532 | |

1-3-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകങ്ങൾ

1) സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം | സ്രോതസിൽ നിന്ന കുറവു ചെയ്ത തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 1037031 |
| വികസന ഫണ്ട്-ജനറൽ | അങ്കണവാടി അധിക വേതനം | 1489200 |
| വികസന ഫണ്ട്-എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 113749 |

2) കേന്ദ്രസംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ ലഭ്യമല്ല.

3) വിവിധ ഗ്രാന്റുകളുടെ ചെലവുകൾ സംബന്ധിച്ച് വാർഷിക കണക്കിലുള്ള ജേണൽ എൻട്രികൾക്ക് ആധാരമായി രേഖകൾ സൂക്ഷിച്ചിട്ടില്ല.

4) 2021-22 വർഷത്തെ AFS പ്രകാരം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied And Untied Funds) ഇനത്തിലെ നീക്കിയിരിപ്പ് യഥാക്രമം ₹1542318/- ഉം ₹412836/- ഉം ആണ്. അവയുടെ തൻവർഷ വരവു ചെലവുകൾ മേൽ പട്ടികയിൽ * ചിഹ്നങ്ങൾ നൽകി നിർണയിച്ചിട്ടുള്ളത് കാണുക. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവു-ചെലവുകൾ, സുലേഖാ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് എന്നിവ ILGMS-ൽ തയ്യാറാക്കിയിട്ടുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| CFC ( UNTIED GRANT) | | | | | |
|---|---|---|---|---|---|
| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 0 | 3200880 | 3200880 | 3519534 | -318654 |
| ILGMS പ്രകാരം | 412836 | 2697619 | 3110455 | 2972864 | 137591 |

CFC ( TIED GRANT)

| | | | | | |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 0 | 5255630 | 5255630 | 1835358 | 3420272 |
| ILGMS പ്രകാരം | 1542318 | 4086300 | 5628618 | 3039244 | 2589374 |

പി.എഫ്.എം.എസ്. പ്രകാരം തുക കൈമാറുന്നതിലുള്ള കാലതാമസമാണ് മുന്നിരിപ്പ്, ചെലവ് ഇനങ്ങളിലെ ഈ വ്യതിയാനങ്ങൾക്ക് കാരണം.

1-3-2 ഗ്രാന്റ് വിനിയോഗത്തിലെ വീഴ്ച- ഗ്രാമപഞ്ചായത്തിന് നഷ്ടമാകുന്നത് 26 ലക്ഷത്തിൽപ്പരം രൂപ

ധനകാര്യ വകുപ്പിന്റെ 15.07.2021 ലെ ജി.ഒ.(എം.എസ്.) 79/2021 നമ്പർ ഉത്തരവനുസരിച്ച്, ഒരു സാമ്പത്തിക വർഷം അനുവദിക്കുന്ന വികസന ഫണ്ട്, ആസ്തി പരിപാലന ഗ്രാന്റ് വിഹിതങ്ങൾ പൂർണ്ണമായി ചെലവഴിക്കാത്ത പക്ഷം പ്രസ്തുത വർഷം അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം മാത്രമാണ് അടുത്ത സാമ്പത്തിക വർഷത്തെ വിനിയോഗത്തിന് ക്യാരി ഓവർ ചെയ്ത് ലഭ്യമാകുന്നത്. ചെലവു പരിധി 80 ശതമാനം കൈവരിക്കാത്ത സാഹചര്യത്തിൽ യഥാർത്ഥ ചെലവും 80 ശതമാനവും തമ്മിലുള്ള വ്യത്യാസം (T0tal Allotment X 80% - Actual Expenditure) ഷോർട്ട്ഫോൾ ആകുന്നതാണ്. വികസന ഫണ്ട് എസ്.സി.പി./ടി.എസ്.പി. ഫണ്ടുകളിൽ സംഭവിക്കുന്ന ഷോർട്ട്ഫോളിന് തുല്യമായ തുക തുടർന്നുള്ള വർഷത്തെ വികസനഫണ്ട് പൊതുവിഭാഗം ഫണ്ടിൽ നിന്ന് പരിഹാര വകയിരുത്തലായി മാറ്റി വയ്ക്കേണ്ടതുമുണ്ട്. 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന് മെയിന്റനൻസ് ഫണ്ട് - റോഡ്, നോൺ റോഡ് ഇനങ്ങളിൽ ചെലവ് നിശ്ചിത 80% പരിധി കടന്നില്ല. തൻമൂലം ഷോർട്ട് ഫോളായി 26 ലക്ഷത്തിൽപ്പരം രൂപയാണ് നഷ്ടമാകുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് (₹) | യഥാർത്ഥ ചെലവ് (₹) | ചെലവ് ശതമാനം | 2023-24ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക (₹) | ഷോർട്ട് ഫോൾ ഇനത്തിൽ നഷ്ടമാകുന്ന തുക (₹) |
|---|---|---|---|---|---|
| ആസ്തി പരിപാലന ഗ്രാന്റ് (റോഡ്) | 11672000 | 7440421 | 63.74 | 2334400 | 1897179 |
| ആസ്തിപരിപാലന ഗ്രാന്റ് (റോഡിതരം) | 6076000 | 4096186 | 67.41 | 1215200 | 764614 |
| ആകെ | | | | | 2661793 |

പദ്ധതി നിർവഹണത്തിലെ വീഴ്ചകൾ ഗ്രാമപഞ്ചായത്തിന്റെ കാലാവസ്ഥാപരവും ഭൂമിശാസ്ത്രപരവുമായ പ്രത്യേകതകൾ സർക്കാർ ശ്രദ്ധയിൽപ്പെടുത്തി ആസ്തി പരിപാലന ഗ്രാന്റ് വിനിയോഗത്തിൽ ഇളവു തേടാതിരിക്കൽ, സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി മൂലം വർഷാവസാനമുണ്ടായ ട്രഷറി നിയന്ത്രണം എന്നിവയാണ് ഗ്രാന്റ് വിനിയോഗത്തിലെ കുറവിന് ചൂണ്ടിക്കാട്ടുന്ന കാരണങ്ങൾ. അതത് വർഷം പ്രോജക്ടുകൾക്ക് വകയിരുത്തുന്ന തുകകൾ ചെലവഴിക്കാതെ വരുന്ന സാഹചര്യം തുടർവർഷങ്ങളിൽ നൂതനമായ പ്രോജക്ടുകൾക്ക് വിഭവസമാഹരണം സാധ്യമാകാത്ത സാഹചര്യം സൃഷ്ടിക്കുക മാത്രമല്ല അനിവാര്യ വകയിരുത്തലുകൾക്കു പോലും തികയാതെ വരുന്ന അവസ്ഥയ്ക്കും ഹേതുവാകുന്നതാണ്. ഭീമമായ ഷോർട്ട് ഫോളിലൂടെ ഗ്രാമപഞ്ചായത്തിന് വൻ സാമ്പത്തിക നഷ്ടമുണ്ടാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ഭാവിയിൽ വീഴ്ച വരാതിരിക്കാൻ കർശന മുൻകരുതൽ സ്വീകരിക്കേണ്ടതുമാണ്. പഞ്ചായത്ത് ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ്, നിർവഹണ ഉദ്യോഗസ്ഥർ എന്നിവരുടെ അടിയന്തിരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-4 പദ്ധതി അവലോകനം

(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 158 | 89097072 | 109 | 43490490 | 49 | 68.98% |

നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 2900440 | 2088160 |
| വെറ്ററിനനറി സർജൻ | 3 | 3 | 1550223 | 1247070 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 8 | 7 | 1947733 | 1497369 |

| | | | | |
|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 200000 | 200000 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 2 | 1200000 | 1199476 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 14 | 11 | 22020693 | 7983500 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 10 | 10 | 5079000 | 4412293 |
| ഗ്രാമപഞ്ചായത്ത് Secretary | 49 | 25 | 26749550 | 8376821 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 60 | 42 | 22203373 | 13471225 |
| ഹെഡ്മാസ്റ്റർ ഗവ. യു.പി. സ്കൂൾ | 4 | 1 | 2543400 | 340872 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 2702660 | 2673704 |
| ആകെ | 158 | 109 | 89097072 | 43490490 |

പദ്ധതി ആസൂത്രണ പ്രക്രിയകളുടെ വിശദാംശങ്ങൾ

| ഇനം | തീരുമാന നം./ തീയതി |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | 12-5-2022 |
| പദ്ധതി രൂപീകരണ ഗ്രാമസഭകൾ | 21-5-2022 മുതൽ 27-5-2022 വരെ |
| വികസന സെമിനാർ | 7-6-2023 |
| ഭരണാനുമതി | 1(1) 14-6-2022 |
| ജില്ലാ ആസൂത്രണ സമിതി അംഗീകാരം<br>(ഭേദഗതിയുൾപ്പടെയുള്ള അന്തിമ അംഗീകാരം) | 677/2022/DPC/DPO/IDK<br>തീ. 06.03.2023 |

ബി) ഓഡിറ്റ് വർഷത്തെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട മറ്റു പ്രസക്ത വിവരങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു

- ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരെ വാർഷിക പദ്ധതിയുടെ ഭാഗമാക്കാൻ കഴിഞ്ഞുവെങ്കിലും മത്സ്യ മേഖലയിൽ പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല.
- ഏറ്റെടുത്ത 158 പ്രോജക്ടുകളിൽ 109 എണ്ണം നടപ്പാക്കി. ആകെ ഏറ്റെടുത്ത പദ്ധതികളിൽ 68.98% മാത്രമാണ് നടപ്പാക്കാനായത്.
- വിവിധ ഗ്രാന്റുകൾ യഥാസമയം ചെലവഴിക്കാനായിട്ടില്ല. വിശദാംശങ്ങൾ ഖണ്ഡിക 1-3-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
- കാർഷിക-മൃഗസംരക്ഷണ-ക്ഷീര വികസന മേഖലകളിൽ ഗണ്യമായ തുക ചെലവഴിക്കാനായിട്ടുണ്ട്. എന്നാൽ പതിനാലാം പദ്ധതി മാർഗ്ഗരേഖയിൽ വിഭാവനം ചെയ്യുന്ന വിധത്തിൽ കാർഷിക-മൃഗസംരക്ഷണ-ക്ഷീര മേഖലയിൽ വിവിധങ്ങളായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് സാധിച്ചിട്ടില്ല.
- ലൈഫ് ഭവന പദ്ധതികളുടെ ഗുണഭോക്താക്കൾ ആദ്യ ഗഡുക്കൾ കൈപ്പറ്റിയ ശേഷം കരാറനുസരിച്ച് ഗൃഹ നിർമാണം പൂർത്തീകരിച്ചിട്ടില്ല.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 9 | 2228331 | 2228340 | 2227767 | 573 |
| അൺസ്കിൽഡ് ലേബർ | | 45079845 | 45079845 | 45079845 | |
| സെമി സ്കിൽഡ് ലേബർ | | 1432928 | 1432928 | 1432928 | |
| മെറ്റീരിയൽ | | 15378991 | 15378991 | 15378991 | |
| ആകെ | 9 | 64120095 | 64120104 | 64119531 | 573 |

## 1-6 ക്ഷേമ പെൻഷനുകൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | (₹) | |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 2319600 | 189 |
| വിധവാ പെൻഷൻ | 5920400 | 415 |
| വാർദ്ധക്യകാലപെൻഷൻ | 16830200 | 1320 |
| വികലാംഗ പെൻഷൻ | 3121000 | 239 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 224000 | 16 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 60000 | 2 |
| തൊഴിൽരഹിത വേതനം | 7800 | 11 |

1-7 ക്യാഷ് പരിശോധന

1994 - ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.12.2023-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹8928/- (എണ്ണായിരത്തി തൊള്ളായിരത്തി ഇരുപത്തിയെട്ടു രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

പതിനാലംഗ ഭരണസമിതി നിയന്ത്രിക്കുന്ന ഗ്രാമപഞ്ചായത്തിന്റെ ഉദ്യോഗസ്ഥ ഘടനയിൽ സെക്രട്ടറി, ഹെഡ് ക്ലാർക്ക്, ഹെഡ് അക്കൗണ്ടന്റ്, മൂന്ന് സീനിയർ ക്ലാർക്ക്, നാല് ക്ലാർക്ക്, രണ്ട് ഓഫീസ് അറ്റൻഡന്റ്, ഒരു ഡ്രൈവർ, രണ്ട് പാർട്ട് ടൈം സ്വീപ്പർ എന്നിവർ പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

1. ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവ് മുഖേന വിഭജിച്ച് നൽകിയിട്ടുണ്ട്.
2. മിനിട്സ് ബുക്കുകൾ, ബിൽ രജിസ്റ്റർ, വൗച്ചറുകൾ തുടങ്ങിയവയുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. എന്നാൽ വായ്പ രജിസ്റ്റർ, മൂൻകൂർ രജിസ്റ്റർ, സ്ഥിരനിക്ഷേപ രജിസ്റ്റർ എന്നിവ കൈകാര്യം ചെയ്യുന്നതിൽ പോരായ്മകളുണ്ട്. ഡിമാന്റ് രജിസ്റ്ററിൽ നിർണയിച്ചിട്ടുള്ള ഡി.സി.ബി. തുകകൾ ധനകാര്യപത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
3. അതത് മാസങ്ങളിലെ വരവു -ചെലവുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുന്നുണ്ട്. ബജറ്റ്, ധനകാര്യ പത്രിക എന്നിവയും തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ബജറ്റ് തയ്യാറാക്കുന്നതിൽ പ്രവർത്തന കലണ്ടർ പ്രകാരമുള്ള കാലപരിധികൾ തൻവർഷവും പാലിച്ചിട്ടില്ല.
4. വിവിധ അക്കൗണ്ടുകളുടെ 2023 ഒക്ടോബർ 31-വരെയുള്ള പ്രതിമാസ പൊരുത്തപ്പെടുത്തലുകൾ നടത്തി സൂക്ഷിച്ചിട്ടുണ്ട്.
5. ILGMS സോഫ്റ്റ് വെയറിലൂടെയുള്ള ഭരണനിർവഹണത്തിൽ പുരോഗതിയുണ്ട്.
6. പ്രധാന തനതു വരുമാനസ്രോതസുകളുടെ പിരിവ് കണക്കുകളിൽ പൊരുത്തക്കേടുകൾ കാണുന്നു. ആകെ ഡിമാന്റ് തുകയുടെ 28 ശതമാനവും കുടിശ്ശികയെന്നാണ് ധനകാര്യപത്രികയിലെ കണക്കുകൾ സൂചിപ്പിക്കുന്നത്. ഏറ്റവുമധികം കുടിശ്ശിക വസ്തുനികുതിയിലാണ്. (ഏതാണ്ട് 28 ലക്ഷത്തിലധികം). എന്നാൽ സഞ്ചയയിലെ കണക്കുകൾ അനുസരിച്ച് വസ്തുനികുതിയുടെ കുടിശ്ശിക കേവലം 4% മാത്രമാണ്. ഡേറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാകാത്തതിനാൽ കുടിശ്ശിക ഡിമാന്റ് കണക്കുകൾ കൃത്യമല്ലാത്തതാണ് കണക്കുകളിലെ പൊരുത്തക്കേടുകൾക്ക് കാരണമെന്ന് അധികൃതർ വിശദീകരിച്ചിട്ടുണ്ട്. അപാകത യഥാസമയം പരിഹരിക്കാതെ സർക്കാർ ഗ്രാന്റ് നഷ്ടത്തിന് വഴിവെയ്ക്കുന്ന രീതിയിൽ കണക്കുകൾ നിലനിർത്തുന്ന നടപടി ക്രമപ്രകാരമുള്ളതല്ല.
7. സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കുവാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ പൂർണമായിട്ടില്ല.
8. ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് സംഘടിപ്പിക്കപ്പെട്ട ഓഡിറ്റ് അദാലത്തിനോട് ക്രിയാത്മകമായി പ്രതികരിച്ചതിനാൽ മുൻ വർഷങ്ങളിലെ ബഹു ഭൂരിപക്ഷം ഓഡിറ്റ് പരാമർശങ്ങളും തീർപ്പാക്കാൻ കഴിഞ്ഞത് മികച്ച നേട്ടമാണ്.
9. വാർഷിക പദ്ധതി നിർവഹണം - ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരുടെ പങ്കാളിത്തം വാർഷിക പദ്ധതിയിൽ ഉണ്ടായിട്ടുണ്ട്. പ്രോജക്റ്റ് നിർവഹണത്തിലും പുരോഗതിയുണ്ട്. ഏറ്റെടുത്ത 158 പ്രോജക്റ്റുകളിൽ 109 എണ്ണം നടപ്പാക്കി.

10. MG(R) &(NR) ഒഴികെയുള്ള സർക്കാർ ഗ്രാന്റുകളുടെ വിനിയോഗത്തിൽ 80% ലക്ഷ്യം കൈവരിച്ചു.

11. സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിലും മരണപ്പെട്ട വ്യക്തികളുടെ പെൻഷൻ റദ്ദ് ചെയ്യുന്നതിലും കാര്യക്ഷമത കൈവരിച്ചിട്ടുണ്ട്.

12. സുസ്ഥിര വികസന ലക്ഷ്യമായ ഖരമാലിന്യ സംസ്കരണ നടപടികൾ തൃപ്തികരമായി ഏകോപിപ്പിച്ചു വരുന്നു.

അഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-9 ബാങ്ക് അക്കൗണ്ടുകളുമായി ബന്ധപ്പെട്ട അപാകതകൾ

A) തനത് ഫണ്ട് സൂക്ഷിക്കുന്നതിനായി ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തുന്നു

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് സൂക്ഷിക്കുന്നതിന് നിലവിൽ ട്രഷറി, ഇ-പേമെന്റ് അക്കൗണ്ടുകൾക്കു പുറമെ മൂന്ന് സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ കൂടി നിലനിർത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബാങ്ക് | അക്കൗണ്ട് നമ്പർ |
|---|---|---|
| 1 | ശാന്തിഗ്രാം സർവീസ് സഹകരണ ബാങ്ക് | 2000002483 |
| 2 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, ഈട്ടിത്തോപ്പ് ശാഖ | 427602010013084 |
| 3 | ഫെഡറൽ ബാങ്ക് ഇരട്ടയാർ ശാഖ | 11370200122525 |

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങളിലെ ചട്ടം 3 അനുസരിച്ച് പഞ്ചായത്ത് ഫണ്ട് ട്രഷറി / പോസ്റ്റോഫീസ് / സഹകരണ ബാങ്ക് / ദേശസാത്കൃത ബാങ്ക് എന്നിവിടങ്ങളിൽ സൂക്ഷിക്കാവുന്നതാണ്. പ്രസ്തുത ചട്ടത്തിന് സ്പഷ്ടീകരണമായി പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 26.05.2011-ലെ 58725/എഫ്.എം3/2008 നമ്പർ പരിപത്രമനുസരിച്ച്, തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ട് അഭികാമ്യമല്ല. അത് ട്രഷറിക്ക് പുറമെ ഒരു സഹകരണ ബാങ്ക് / ദേശസാത്കൃത ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കേണ്ടതാണ്. ആകയാൽ പട്ടികയിൽ പരാമർശിക്കുന്നതിൽ ഒരു അക്കൗണ്ട് മാത്രം നിലനിർത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

B) ഇ - പേയ്മെന്റിന് വേണ്ടി ആരംഭിച്ച കറന്റ് അക്കൗണ്ടിൽ വൻതുക അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്ത് ഓൺലൈൻ പണമിടപാടുകൾ നടത്തുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ കട്ടപ്പന ശാഖയിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. നികുതി തുകകൾ ഓൺലൈനായി ലഭിക്കുന്നത് പ്രസ്തുത അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യപ്പെടുന്നത് (അക്കൗണ്ട് നം. 36933337438). 31.11.2023 വരെയുള്ള പാസ്സ്ബുക്ക് രേഖപ്പെടുത്തലുകൾ പ്രകാരം പ്രസ്തുത അക്കൗണ്ടിൽ ₹14,90,649/- ബാക്കിയുണ്ട്. പലിശ രഹിതവും ബാങ്ക് ചാർജ് ഈടാക്കപ്പെടുന്നതുമായ പ്രസ്തുത അക്കൗണ്ടിൽ ഗണ്യമായ തുക നിലനിർത്തുന്ന നടപടി ക്രമപ്രകാരമുള്ളതല്ല. അവശേഷിക്കുന്ന തുക പലിശ ലഭിക്കുന്ന തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-10 തനത് വിഭവ സമാഹരണം- അവലോകനം

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ സാമ്പത്തികമാനേജ്മെന്റിൽ ക്രമമായ പുരോഗതി കൈവരിക്കുന്നതിന് സ്വീകരിക്കേണ്ട നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് ആറാം സംസ്ഥാന ധനകാര്യക്കമ്മീഷൻ തങ്ങളുടെ രണ്ടാമത് റിപ്പോർട്ടിലെ 30(v) ഖണ്ഡികയിലൂടെ സംസ്ഥാന സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു. തദനുസരണം റവന്യൂ വരുമാന വർദ്ധനവ് സാധ്യമാക്കുന്നതിനായി പുറപ്പെടുവിച്ച നിർദ്ദേശങ്ങളിൽ സ്വീകരിച്ച നടപടികളുടെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകി ടാക്സ് ഓഡിറ്റ് ഏറ്റെടുത്ത് നടത്താൻ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22.12.2022-ലെ AA3/45/2022 നമ്പർ കത്തിലൂടെ സർക്കാർ ഓഡിറ്റ് വകുപ്പിനോട് ആവശ്യപ്പെടുകയുണ്ടായി. മേൽ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തനതുവരുമാന വർദ്ധനവിനും കാര്യക്ഷമമായ വിഭവസമാഹരണത്തിനുമായി ഇരട്ടയാർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും നിയമാനുസൃതം എടുത്തിട്ടുള്ള തീരുമാനങ്ങളും, ആയതിന്റെ ഭാഗമായി എക്സിക്യൂട്ടീവ് അധികാരികൾ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളും, നടപ്പാക്കിയ പ്രവർത്തനങ്ങളും ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കി. പരിശോധനയുടെയും ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലുള്ള അവലോകനക്കുറിപ്പുകൾ ചുവടെ ചേർക്കുന്നു.

വസ്തു നികുതി, തൊഴിൽനികുതി, വാടക, വ്യാപാരങ്ങൾക്കും മറ്റാവശ്യങ്ങൾക്കുമുള്ള ലൈസൻസ് ഫീസുകൾ, പെർമിറ്റ് ഫീസുകൾ തുടങ്ങിയവയാണ് സർക്കാർ ഗ്രാന്റിനു പുറമെയുള്ള പ്രധാന വരുമാന സ്രോതസുകൾ.

എ. വസ്തുനികുതി

1. വസ്തുനികുതി പരിഷ്കരണം – 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 203-ാം വകുപ്പ്, 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ, തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22.03.2023-ലെ ജി.ഒ (എം.എസ്.) 77/2023 നമ്പർ ഉത്തരവ്, തദ്ദേശസ്വയംഭരണ വകുപ്പിന്റെ 05.04.2023-ലെ ജി.ഒ.(പി) 25/2023 നമ്പർ ഉത്തരവു പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി ഗ്രാമപഞ്ചായത്തുകളിലെ അടിസ്ഥാന വസ്തുനികുതി 01.04.2023 പ്രാബല്യത്തിൽ പരിഷ്കരിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. തദനുസരണം ഇരട്ടയാർ ഗ്രാമപഞ്ചായത്ത് നികുതി പരിഷ്കരണത്തിനുള്ള നടപടികൾ ആരംഭിക്കുകയും 02.08.2023 ലെ 2(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പുതിയ നിരക്കുകളാണ് നിലവിൽ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 1.4.2023 പ്രാബല്യത്തിൽ നിലവിലുണ്ടായിരുന്ന കെട്ടിടങ്ങളുടെ നികുതി 5% വർദ്ധനവ് വരുത്തി സോഫ്റ്റ്‌വെയറിൽ പുതുക്കിയിട്ടുണ്ട്.

2. സാമ്പത്തിക വർഷാരംഭത്തിൽ തന്നെ വസ്തുനികുതി സമാഹരിക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതാണ്. കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിന് ശേഷം അവയുടെ തറ വിസ്തീർണത്തിലോ ഉപയോഗക്രമത്തിലോ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതനുസരിച്ച് വസ്തുനികുതി പുതുക്കി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നികുതി നിർണ്ണയ പരിധിയിൽ ഉൾപ്പെടാതെ ഒഴിവായിട്ടുള്ള കെട്ടിടങ്ങൾ കണ്ടെത്തി ക്രമവത്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള എല്ലാ കെട്ടിടങ്ങൾക്കും പ്രത്യേക നമ്പർ (UA) നൽകേണ്ടതും ആ കെട്ടിടങ്ങൾക്ക് നിയമാനുസൃത നമ്പർ നൽകുന്നതുവരെയോ അവ പൊളിച്ച് നീക്കുന്നതുവരെയോ അത്തരം കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതുമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഞ്ചയ ഡാറ്റാബേസിലുള്ള കെട്ടിടങ്ങളുടെ വിവരം ഫീൽഡ് പരിശോധനയിലൂടെ കൃത്യമാക്കേണ്ടതാണ്. ആയതിനെ അടിസ്ഥാനമാക്കി നികുതി നിർണ്ണയിക്കപ്പെടാത്തതോ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ വ്യത്യാസമുള്ളതോ ആയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുകയോ പുനർനിർണ്ണയിക്കുകയോ ചെയ്യേണ്ടതാണ്. നികുതി പിരിവ് പുരോഗതി എല്ലാ മാസവും ആദ്യം കൂടുന്ന യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തണം. ഇതു സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ ചെയർപേഴ്സൺ തൊട്ടടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

ബി. തൊഴിൽ നികുതി

തൊഴിൽനികുതി നൽകാൻ ബാധ്യസ്ഥരായ ജീവനക്കാരുള്ള സ്ഥാപനങ്ങളും വ്യാപാര സ്ഥാപനങ്ങളും ഗ്രാമപഞ്ചായത്തിൽ പൊതുവെ കുറവാണ്. 2022-23 സാമ്പത്തിക വർഷത്തിൽ 42 സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. തൊഴിൽ നികുതി തുക കൃത്യമായി ഡിമാന്റ് നോട്ടീസ് നൽകി ഈടാക്കി വരുന്നുണ്ട്. ഈ വിഭാഗത്തിൽ കാര്യമായ വർദ്ധനവിന് സാധ്യത കുറവാണ്.

സി. വാടക, കുത്തകാവകാശം

ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക, ഒരു പ്രധാന വരുമാന സ്രോതസ്സാണ്. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 15 കടമുറികൾ ലേലം ചെയ്ത് നൽകാൻ സാധിച്ചിട്ടുണ്ട്.

ഡി. രേഖകളുടെ സൂക്ഷിപ്പ്

വസ്തു നികുതിയുടെ നിർണ്ണയം, ഡിമാന്റ്, പിരിവ് നടപടികൾ ഇവ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേനയാണ് നിയന്ത്രിക്കുന്നത്. ILGMS സോഫ്റ്റ്‌വെയർ വിന്യാസത്തിന്റെ ഭാഗമായി നടത്തിയ ക്രമീകരണങ്ങളെത്തുടർന്ന് അതിലൂടെ ലഭിക്കുന്ന ക്രോഡീകൃത സംഖ്യകളുടെ ആധികാരികതയിൽ അവ്യക്തത നിലനിൽക്കുന്നു. മറ്റു വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്.

1-11 വസ്തു നികുതി പരിഷ്കരണം -ഫ്യുവൽ സ്റ്റേഷൻ ഉൾപ്പെട്ടിട്ടില്ല

ഇരട്ടയാർ ഗ്രാമപഞ്ചായത്തിലെ പുതുക്കിയ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ 02.08.2023 തീയതിയിലെ പഞ്ചായത്ത് ഭരണ സമിതി ഭാഗം 2(1) നമ്പർ തീരുമാനപ്രകാരം അന്തിമമായി നിശ്ചയിച്ചിട്ടുണ്ട്. 2023 ലെ വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ഓരോ വിഭാഗം കെട്ടിടങ്ങൾക്കും അവയുടെ ഉപവിഭാഗങ്ങൾക്കും ബാധകമായിരിക്കേണ്ട വസ്തു നികുതി നിരക്കുകളുടെ കൂടിയതും, കുറഞ്ഞതുമായ നിരക്കുകൾ 05/04/2023 ലെ സ.ഉ. (അച്ചടി) 25/2023/ത.സ്വ.ഭ.വ. നമ്പർ വിജ്ഞാപന പ്രകാരം സർക്കാർ നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിൽ ഫ്യൂവൽ സ്റ്റേഷനുകൾക്ക് ബാധകമായ വസ്തു നികുതി നിരക്കുകളുടെ കൂടിയതും, കുറഞ്ഞതുമായ നിരക്ക ഉൾപ്പെട്ടിട്ടില്ല. ഫ്യൂവൽ

സ്റ്റേഷനുകൾക്ക് ബാധകമായ വസ്തു നികുതി നിരക്ക് നിശ്ചയിക്കുന്ന വിഷയം ഉചിത മാർഗ്ഗേണ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

1-12 വസ്തു നികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിച്ചു

ഗ്രാമപഞ്ചായത്തിന്റെ 7-ാം വാർഡിലെ വസ്തുനികുതി വിവരങ്ങൾ (സഞ്ചയ സോഫ്റ്റ്‌വെയറിൽ ക്രോഡീകരിച്ചത്) പരിശോധിച്ചതിൽ, വാണിജ്യാവശ്യത്തിനുള്ള ഏതാനും കെട്ടിടങ്ങളെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്ന ഗണത്തിൽപെടുത്തി ₹45/- നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളതെങ്കിലും (2013 റിവിഷൻ പ്രകാരം) അവയുടെ വിസ്തീർണ്ണം യഥാർത്ഥത്തിൽ 100 ചതുരശ്ര മീറ്ററിന് മുകളിലാണെന്ന് കാണുകയുണ്ടായി. വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഗണത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുള്ള (2013 റിവിഷൻ പ്രകാരം) നിരക്ക് ചതുരശ്ര മീറ്ററിന് ₹60/-യാണ്. കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | ഉടമയുടെ പേര് | വിസ്തീർണം |
|---|---|---|---|
| 1 | 7/515 | സി കെ ശശിധരൻ | 130 ച.മീ. |
| 2 | 7/550 | വികാർ, സെൻറ്.തോമസ് ചർച്ച്,ഇരട്ടയാർ | 150 ച.മീ. |
| 3 | 7/618 | സെക്രട്ടറി, എസ് സി ബി,ഇരട്ടയാർ | 132 ച.മീ. |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 08/06.12.2023) മറുപടി ലഭ്യമാക്കിയില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207 (2), (7), (9) പ്രകാരം എപ്രകാരം നികുതി നിർണ്ണയിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത് പ്രകാരം വ്യത്യസ്ത മുറികളായി തിരിച്ചിട്ടുള്ള വാണിജ്യ കെട്ടിടങ്ങളെ ആകെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ 100 ച.മീ. ന് മുകളിൽ / താഴെയുള്ള വാണിജ്യകെട്ടിടങ്ങൾ 200 ച.മീ. താഴെ / മുകളിൽ ഉള്ള ഷോപ്പിംഗ് മാളുകൾ എന്ന് തരംതിരിക്കേണ്ടതാണ് എന്നത് വ്യക്തമാണ്. വസ്തു നികുതി നിർണ്ണയത്തിലെ അപാകത മൂലം വരുമാനത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും വാണിജ്യകെട്ടിടങ്ങളുടെ നികുതി നിർണ്ണയം പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകം ആവർത്തിച്ചിട്ടുള്ളപക്ഷം പുനർ നിർണ്ണയിച്ച് ഡിമാൻഡ് ചെയ്ത് പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിശദമായ റിപ്പോർട്ട് സഹിതം വിവരം അറിയിക്കേണ്ടതുമാണ്.

1-13 വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കുമുള്ള ലൈസൻസ് ഫീസ് പിരിവ്- അപാകങ്ങൾ

1) ലൈസൻസ് അനുവാദ രേഖകൾ സമഗ്രമല്ല

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31/10/17-ലെ ജി.ഒ.(പി) നം. 80/2017/ത.സ്വ.ഭ.വ. പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിരുന്നതിനെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ ലൈസൻസ് അപേക്ഷകളിലോ ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്ററിലോ സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപവുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും ലഭ്യമല്ലാത്തതിനാൽ അപേക്ഷകൻ ഒടുക്കേണ്ടതും, ഈടാക്കിയതുമായ ഫീസിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.

2) പഞ്ചായത്ത് വാടകയ്ക്ക് നൽകിയ കടമുറികളിൽ പോലും ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വിവിധ വ്യാപാര ആവശ്യങ്ങൾക്കായി വാടകയ്ക്ക് എടുത്തിട്ടുള്ള വ്യക്തികൾ തൻവർഷം സ്ഥാപനങ്ങൾ നടത്തുന്നതിലേക്കാവശ്യമായ ലൈസൻസ് എടുത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| ക്രമ നമ്പർ | വ്യക്തിയുടെ പേര് | വാർഡ് നമ്പർ കെട്ടിട നമ്പർ |
|---|---|---|
| 1 | ടോണി തോമസ്സ് | 7/870, 871, 872 |
| 2 | പി.വി. സുകുമാരൻ | 7/653 |
| 3 | ജെറി ജോസ് | 7/775 |

| | | |
|---|---|---|
| 4 | ജോസഫ് സേവ്യർ | 7/654 |
| 5 | ജീവ കുര്യൻ | 7/930 |
| 6 | ലളിത ഉത്തമൻ | 7/652 |
| 7 | രവീന്ദ്രൻ | 7/774 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 01/05.12.2023) മറുപടി ലഭ്യമാക്കിയില്ല. സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. സ്വന്തം ഷോപ്പിംഗ് കോംപ്ലക്സ് മുറികളിൽ പോലും ലൈസൻസ് കൂടാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിച്ച സാഹചര്യം ഫീൽഡ് തലത്തിലുള്ള ഗ്രാമപഞ്ചായത്തിന്റെ ഇടപെടലുകളിലെ വീഴ്ചകളാണ് വെളിവാക്കുന്നത്. ലൈസൻസ് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്ന എല്ലാ സ്ഥാപനങ്ങളും സാധുതയുള്ള ലൈസൻസ് സഹിതമാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ധനകാര്യസ്ഥിരം സമിതിയുടെ സജീവശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-14 ഗുണഭോക്തൃ സമിതിയ്ക്ക് കൈമാറിയ കുടിവെള്ള പദ്ധതിയുടെ നവീകരണത്തിന് തുക അനുവദിച്ചു

വൗച്ചർ നം. 22200895 തീ. 6.3.23, തുക ₹38500/-

ഗ്രാമപഞ്ചായത്ത് 13-ാം വാർഡിലെ ശാന്തിഗ്രാം പള്ളിപ്പടി കുടിവെള്ള പദ്ധതിയുടെ നവീകരണത്തിന് 5000 ലിറ്റർ കുടിവെള്ള ടാങ്ക് വാങ്ങിയ ഇനത്തിൽ വി.എൻ. ഏജൻസീസ് ഇരട്ടയാർ എന്ന സ്ഥാപനത്തിന് മേൽപരാമർശിച്ച പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. പ്രസ്തുത കുടിവെള്ള പദ്ധതി 2000-01-ൽ ബ്ലോക്ക് പഞ്ചായത്ത് മുഖേന പൂർത്തീകരിച്ച് സംരക്ഷണ-നടത്തിപ്പ് ചുമതല ഗുണഭോക്തൃ സംഘത്തിന് കൈമാറിയിരുന്നതാണ്. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗരേഖയുടെ ഖണ്ഡിക 8.1 (B) (25) – ലെ വ്യവസ്ഥ അനുസരിച്ച് ഗുണഭോക്തൃ സമിതികളുടെ നിയന്ത്രണത്തിന് അതീതമായി ഗണ്യമായ തുക വേണ്ടി വരുന്ന വിധത്തിലുള്ള, കേടായ മോട്ടോർ പുനഃസ്ഥാപിക്കൽ പോലുള്ള മേജർ അറ്റകുറ്റപ്പണികൾ നടത്തുന്നതിനാണ് അനിവാര്യമെങ്കിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നത്. താരതമ്യേന ചെറിയ തുക വേണ്ടി വരുന്ന ടാങ്ക് മാറ്റി സ്ഥാപിക്കൽ പോലുള്ള പ്രവൃത്തികളുടെ ചെലവ് സംഘങ്ങൾ സ്വയം വഹിക്കേണ്ടിയിരുന്നു. പ്രസ്തുത ചെലവ് ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നും അനുവദിച്ച നടപടി പദ്ധതി രൂപീകരണ മാർഗരേഖയ്ക്ക് വിരുദ്ധമാണ്. ടാങ്ക് വാങ്ങലിന് പ്രത്യേക പ്രോജക്ട് തയ്യാറാക്കിയിട്ടുമില്ല. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സാധന-സേവന സമാഹരണം സംബന്ധിച്ച നടപടികളുടെ ഏകോപനവും സുതാര്യതയും സാധ്യമാക്കുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ അനുസരിച്ച് (തദ്ദേശസ്വയംഭരണ വകുപ്പിന്റെ 08.11.2010-ലെ ജി.ഒ. (പി) 259/2010 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചത്) ഗ്രാമപഞ്ചായത്തുകൾക്ക് പെറ്റി പർച്ചേസിന് അനുവദനീയമായ പരിധി ₹5000/- മാത്രമാണ്. ടാങ്ക് വാങ്ങുന്നതിന് ₹38500/- ചെലവഴിച്ചെങ്കിലും ലിമിറ്റഡ് ടെൻഡർ ക്ഷണിച്ചിട്ടില്ല. പ്രസ്തുത വ്യവസ്ഥകൾ പാലിക്കാതെ ചെലവു നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (3/6.12.23) മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിന് സാമ്പത്തിക ബാധ്യതക്ക് ഇടവരുത്താതെ, ഗുണഭോക്തൃ സംഘങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനങ്ങളിലൂടെ അനിവാര്യതകൾ നിറവേറ്റി കുടിവെള്ള പദ്ധതികൾ മുന്നോട്ട് പോകുന്നതിനാണ് ശ്രമിക്കേണ്ടത്. മാർഗരേഖകൾക്ക് വിരുദ്ധമായി തനതുഫണ്ട് ചെലവഴിക്കാതിരിക്കാൻ തുടർവർഷങ്ങളിൽ ശ്രദ്ധ പുലർത്തേണ്ടതാണ്. വാങ്ങൽ പ്രവൃത്തികളിൽ സർക്കാർ മാർഗനിർദേശങ്ങൾ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

1-15 വിവിധ നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

1. ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല

1)

| | |
|---|---|
| പ്രോജക്ട് നം. | എസ് 16/22-23 |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ടിന്റെ പേര് | മൃഗശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ |
| തുക | ₹4,00,000/- |
| ബിൽ നം | 22100852010100947597/തീ. 21.12.22 |

പ്രസ്തുത പ്രോജക്ട് പ്രകാരം നെടുങ്കണ്ടം സർവീസ് സഹകരണബാങ്ക് നീതി മെഡിക്കൽ സ്റ്റോറിൽ നിന്ന് 4 ലക്ഷം രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുണ്ട്. 2017 – ലെ CGST Act, വകുപ്പ് 51(1), SGST Act വകുപ്പ് 51(1) എന്നിവ അനുസരിച്ച്, ആകെ കരാർ മൂല്യം 2.50 ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടെയോ ബില്ലുകളുടെ സ്രോതസ്സിൽ നിന്നും CGST, SGST ഇനത്തിൽ 1% വീതം (ആകെ 2%) തുക കുറവു ചെയ്യേണ്ടതാണ്. എന്നാൽ മരുന്നുകൾ വിതരണം ചെയ്ത സ്ഥാപനത്തിന് ഇൻവോയ്സ് പ്രകാരമുള്ള തുക നൽകിയ വേളയിൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി. ഇനത്തിൽ തുക കുറവു ചെയ്തിരുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.5/6.12.23) ക്ക് മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത സ്ഥാപനം മേൽ പരാമർശിത ഇടപാടിന് ജി.എസ്.ടി. ഒടുക്കിയതിന്റെ റിട്ടേൺ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഒടുക്കാത്ത പക്ഷം പ്രസ്തുത സ്ഥാപനത്തിൽ നിന്നോ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നോ പിഴ സഹിതം ജി.എസ്.ടി. ഈടാക്കി ഒടുക്കേണ്ടതാണ്.

2)

| | |
|---|---|
| പ്രോജക്ട് നം | എസ് 183/23 |
| നിർവഹണഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റഷൻ ഓഫീസർ |
| പ്രോജക്ടിന്റെ പേര് | ഉറവിടജൈവ മാലിന്യ സംസ്കരണം- പൈപ്പ് കംമ്പോസ്റ്റ് സ്ഥാപിക്കൽ |
| ബിൽ വിവരങ്ങൾ | IFMS No: 2803202357444 തി.28.3.23 ₹2,47,212/-<br>ചെക്ക് നം.4668/30.3.23 ₹41202/- |

മേൽ പരാമർശിത പദ്ധതി പ്രകാരം ജെയ്സൻ ഇപെക്സ് ലിമിറ്റഡ്, മുത്തോലി എന്ന സ്ഥാപനത്തിന് 350 പൈപ്പ് കംമ്പോസ്റ്റ് വിതരണം ചെയ്തതിന് ₹4,12,021/- നൽകിയിട്ടുണ്ട്. 2017-ലെ CGST Act, വകുപ്പ് 51(1), SGST Act വകുപ്പ് 51(1) എന്നിവ അനുസരിച്ച്, ആകെ കരാർ മൂല്യം 2.50 ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടെയോ ബില്ലുകളുടെ സ്രോതസ്സിൽ നിന്നും CGST, SGST ഇനത്തിൽ 1% വീതം (ആകെ 2%) തുക കുറവു ചെയ്യേണ്ടതാണ്. എന്നാൽ സാധനങ്ങൾ വിതരണം ചെയ്ത സ്ഥാപനത്തിന് ഇൻവോയ്സ് പ്രകാരമുള്ള തുക നൽകിയ വേളയിൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി. ഇനത്തിൽ തുക കുറവു ചെയ്തിരുന്നില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/6.12.23) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത സ്ഥാപനം മേൽപരാമർശിത ഇടപാടിന് ഒടുക്കിയ ജി.എസ്.ടിയുടെ റിട്ടേൺ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഒടുക്കാത്ത പക്ഷം പ്രസ്തുത സ്ഥാപനത്തിൽ നിന്നോ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നോ പിഴ സഹിതം ജി.എസ്.ടി. ഈടാക്കി ഒടുക്കേണ്ടതാണ്.

3)

| | |
|---|---|
| പ്രോജക്ട് നം | എസ് 86/23, എസ്202/23 |
| നിർവഹണഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ടിന്റെ പേര് | ജൈവവള വിതരണം, വനിതകൾക്ക് ജൈവവള വിതരണം |
| ബിൽ വിവരങ്ങൾ | I22100852010001095958/27.1.23 ₹5,50,000/-<br>22100852010001430628/27.1.23 ₹4,00,000/-<br>വൗച്ചർ നം.22200969 /21.3.23 ₹1,83,600/-<br>വൗച്ചർ നം.22201022 /25.3.23 ₹5000/-<br>വൗച്ചർ നം.22201023/21.3.23 ₹1,35,000/- |

പ്രസ്തുത പദ്ധതി പ്രകാരം ഹൈറേഞ്ച് ഫെർട്ടിലൈസർ (പുളിയൻമല), ഇരട്ടയാർ സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് എന്നീ സ്ഥാപനങ്ങൾക്ക് നീം കേക്ക് വിതരണം ചെയ്തതിന് യഥാക്രമം ₹7,33,600/-, ₹5,40,000/- എന്നി തുകകൾ നൽകിയിട്ടുണ്ട്. 2017-ലെ CGST Act, വകുപ്പ് 51(1), SGST Act വകുപ്പ് 51(1) എന്നിവ അനുസരിച്ച്, ആകെ കരാർ മൂല്യം 2.50 ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടെയോ ബില്ലുകളുടെ സ്രോതസ്സിൽ നിന്നും CGST, SGST ഇനത്തിൽ 1% വീതം (ആകെ 2%) തുക കുറവു ചെയ്യേണ്ടതാണ്. എന്നാൽ സാധനങ്ങൾ വിതരണം ചെയ്ത സ്ഥാപനത്തിന് ഇൻവോയ്സ് പ്രകാരമുള്ള തുക നൽകിയ വേളയിൽ സ്രോതസ്സിൽ നിന്നും ജി എസ് ടി ഇനത്തിൽ തുക കുറവു ചെയ്തിരുന്നില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/6.12.23) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത സ്ഥാപനം മേൽപരാമർശിത ഇടപാടിന് ഒടുക്കിയ ജി.എസ്.ടി.യുടെ റിട്ടേൺ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഒടുക്കാത്തപക്ഷം പ്രസ്തുത തുക സ്ഥാപനത്തിൽ നിന്നോ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നോ ജി.എസ്.ടി. പിഴ സഹിതം ഈടാക്കി ഒടുക്കേണ്ടതാണ്.

2. <u>ഗുണഭോക്താക്കളുമായി കരാറിലേർപ്പെട്ടിട്ടില്ല</u>

| | |
|---|---|
| പ്രോജക്ട് നം. | എസ് 90/22-23 |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ടിന്റെ പേര് | കറവ പശു-പട്ടികജാതി വികസനം |
| തുക | ₹675000/- |
| ബിൽ നം | 22100852010101141367/തീ. 01.02.23 ₹3,15,000/-<br>22100852010101231399/തീ. 23.02.23 ₹3,60,000/- |

മേൽപ്പറഞ്ഞ പദ്ധതി പ്രകാരം 15 ഗുണഭോക്താക്കൾക്ക് കറവപശുക്കളെ വാങ്ങി നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണവകുപ്പിന്റെ 28.05.2022-ലെ ജി.ഒ.(എം.എസ്.) 115/2022 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ ഖണ്ഡിക 6.3.1 അനുസരിച്ച്, 3 വർഷമെങ്കിലും ഉരുക്കളെ വളർത്തുമെന്ന വ്യവസ്ഥ ഉൾപ്പെടുത്തി ഗുണഭോക്താക്കൾ നിർവഹണ ഉദ്യോഗസ്ഥനുമായി കരാർ ചമയ്ക്കേണ്ടതാണെങ്കിലും 15 ഗുണഭോക്താക്കളുടെയും കരാറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 5,6,7/6.12.23) മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്താക്കളുമായി കരാറിലേർപ്പെട്ടതിന്റേതുമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-16 അംഗൻവാടി അനുപൂരക പോഷകാഹാര വിതരണം - വിതരണ ഏജൻസിക്ക് ജിഎസ്ടി അനുവദിച്ചു

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥ ആയ അനുപൂരക പോഷകാഹാര വിതരണം ജനറൽ (പ്രൊജക്ട് നം.10/2022-23) പദ്ധതിയുടെ വിവിധ ബില്ലുകളിൽ നിന്ന് ജി.എസ്.ടി. ടി.ഡി.എസ്. ഈടാക്കുന്നത് സംബന്ധിച്ച് താഴെ സൂചിപ്പിക്കുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1) 2017-ലെ CGST Act വകുപ്പ് 10, SGST Act, വകുപ്പ് 10 എന്നിവ പ്രകാരം ജി.എസ്.ടി. കോമ്പോസിഷൻ ഓപ്റ്റ് ചെയ്തിട്ടുള്ള നികുതിദായകർ സാധനങ്ങളും സേവനങ്ങളും നൽകുമ്പോൾ ടാക്സ് ഇൻവോയ്സിന് പകരം ബിൽ ഓഫ് സപ്ലൈ ആണ് നൽകേണ്ടതെന്നും ജി.എസ്.ടി. ഈടാക്കുവാൻ പാടില്ലെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അമൃതം ന്യൂട്രിമിക്സിന് 5 ശതമാനം ജി.എസ്.ടി. ഉൾപ്പടെ കിലോഗ്രാമിന് ₹73.50/-(₹70.00 + ₹3.50)യാണ് സർക്കാർ നിശ്ചയിച്ച വില. എന്നാൽ ഇരട്ടയാർ ഗ്രാമപഞ്ചായത്തിൽ അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്ത സമൃദ്ധി ന്യൂട്രിമിക്സ് എന്ന സ്ഥാപനം Bill Of Supply ആണ് നൽകിയിട്ടുള്ളതെങ്കിലും 5 ശതമാനം ജി.എസ്.ടി. ഉൾപ്പെടെയാണ് ബിൽ തുക നൽകിയിരിക്കുന്നത്. ജി.എസ്.ടി. ഉൾപ്പടെ ഈയിനത്തിൽ സ്ഥാപനത്തിന് അധികമായി തുക നൽകുവാൻ ഇടയായതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ബിൽ നമ്പർ/പ്രൊസീഡിങ്ങ്സ് നം., തീയതി,തുക₹ | ന്യൂട്രിമിക്സ് തൂക്കം (കി.ഗ്രാ.) | നൽകിയ തുക @73.5/- ₹ | നൽകേണ്ട തുക@70/- ₹ | അധികം നൽകിയ തുക ₹ |
|---|---|---|---|---|---|
| കീർത്തി ന്യൂട്രിമിക്സ് | 233/13-07-22/97241 | 1323 | 97241 | 92610 | 4631 |
| | 238/10-08-22/110838 | 1508 | 110838 | 105560 | 5278 |
| | 244/12.9.22/89082 | 1212 | 89082 | 84840 | 4242 |
| | 249/14.10.22/109331 | 1487.5 | 109331 | 104125 | 5206 |
| | 257/21.11.22/94815 | 1290 | 94815 | 90300 | 4515 |
| | 265/13.12.22/111389 | 1515.5 | 111389 | 106085 | 5304 |
| | 282/17.1.23/94815 | 1290 | 94815 | 90300 | 4515 |
| | 291/20.2.23/115505 | 1571.5 | 115505 | 110005 | 5500 |
| | 297/18.3.23/115505 | 1320 | 97020 | 92400 | 4620 |
| | ആകെ | 12517.5 | 920036 | 876225 | 43811 |

റീട്ടെയിൽ ഇൻവോയ്സ് തുകയ്ക്കൊപ്പം ജി.എസ്.ടി. ഈടാക്കുവാൻ അർഹതയില്ലാത്ത സ്ഥാപനത്തിന് നികുതി ഇനത്തിൽ തുക നൽകിയത് മൂലം ₹43,811/- സ്ഥാപനത്തിന് അധികമായി നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവിലെ അവ്യക്തത മൂലമാണ് ഇത്തരത്തിൽ തുക അനുവദിച്ചതെന്ന് നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിരുന്നു. അധികത്തുക നൽകിയതിൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.7/6.12.23) നൽകിയിരുന്നു. അതിന് സമർപ്പിച്ച മറുപടിയിൽ അവ്യക്തത പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അധികം നൽകിയ തുകയ്ക്ക് സർക്കാർ സ്പഷ്ടീകരണം ലഭ്യമാക്കേണ്ടതാണ്.

1-17 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - ഗുണഭോക്താവിന് അധികം നൽകിയ തുക തിരികെ ഈടാക്കി

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥ | ഡയറി ഫാം ഇൻസ്ട്രക്ടർ |

| | |
|---|---|
| പദ്ധതിയുടെ പേര് | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി |
| പദ്ധതിയുടെ നമ്പർ | എസ്0089/2023 |
| അടങ്കൽ | ₹2702660/-<br>(പൊതു വിഭാഗം – സാധാരണ വിഹിതം – ₹1202660/-<br>ജില്ലാ പഞ്ചായത്ത് വിഹിതം – ₹1000000/-,<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം – ₹500000/-) |
| ചെലവ് | ₹2673704/-<br>(പൊതു വിഭാഗം – സാധാരണ വിഹിതം – ₹1202660/-,<br>ജില്ലാ പഞ്ചായത്ത് വിഹിതം – ₹971044/-,<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം – ₹500000/-) |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 28.05.2022 ലെ ജി.ഒ.(എം.എസ്.) 115/2022 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിന്നാലാം പഞ്ചവത്സരപദ്ധതി സബ്സിഡി മാർഗ്ഗരേഖ അനുസരിച്ച് പ്രസ്തുത പദ്ധതി മുഖേന ഒരു ഗുണഭോക്താവിന് ഒരു സാമ്പത്തികവർഷം നല്കാവുന്ന പരമാവധി ധനസഹായം ₹40000/- യാണ്. എന്നാൽ ശ്രീമതി ദീപ ഷാജി എന്ന ഗുണഭോക്താവിന് ₹1733/- അധികമായി നൽകിയിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | ആധാർ | അക്കൌണ്ട് വിവരങ്ങൾ | തുക ₹ | ഫണ്ട് | യൂ റ്റി ആർ നമ്പർ |
|---|---|---|---|---|---|
| ദീപ ഷാജി | 692932210862 | 427602120000304 Union Bank Of India (UBIN0542768 ) | 14519/- | പൊതു വിഭാഗം – സാധാരണ വിഹിതം | 22100852015001116069<br>തിയതി – 31.01.2023<br>ആകെ ബിൽ തുക ₹5,30,792/- |
| | | | 8738/- | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 22100852015001382146<br>തിയതി – 17.03.2023<br>ആകെ ബിൽ തുക ₹2,81,194/- |
| | | | 18476/- | ജില്ലാ പഞ്ചായത്ത് വിഹിതം | 22100852015001336761<br>തിയതി – 13.03.2023<br>ആകെ ബിൽ തുക ₹5,29,547/- |
| | | ആകെ തുക | 41733/- | | |

അപാകത ഓഡിറ്റ് വേളയിൽ ചൂണ്ടിക്കാട്ടിയതിനെത്തുടർന്ന് (ഓഡിറ്റ് എൻക്വയറി നം.2/തീ.05.12.2023) നിർവഹണ ഉദ്യോഗസ്ഥ 06.12.2023-ലെ 1230101373/GO60605 നമ്പർ രസീതു പ്രകാരം പ്രസ്തുത തുക ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കുകയുണ്ടായി. പ്രസ്തുത നടപടി അംഗീകരിക്കുന്നു. പ്രോജക്ടിനായി വികസന ഫണ്ട് വിഹിതം വകയിരുത്തിയതിനാൽ തിരികെ ഒടുക്കിയ തുക തനതു ഫണ്ടിൽ നിലനിർത്താൻ വ്യവസ്ഥയില്ല. അത് 3604-00-911-Deduct Recoveries Of Overpayments എന്ന ശീർഷകത്തിൽ സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

1-18 പി.എച്ച്.സി. ഫാർമസിസ്റ്റ് ലാബ് ടെക്നീഷ്യൻ വേതനം നൽകൽ - വിശദാംശങ്ങൾ ലഭ്യമായില്ല

നിർവഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

പ്രൊജക്ട് നം., പേര്: 52/23, ചെമ്പകപ്പാറ പി.എച്ച്.സി. ഫാർമസിസ്റ്റ് ലാബ് ടെക്നീഷ്യൻ എന്നിവർക്ക് വേതനം നൽകൽ

വൗച്ചർ നം. 22200438/23.9.22

പ്രസ്തുത പ്രൊജക്ട് പ്രകാരം ചെമ്പകപ്പാറ പി.എച്ച്.സി. മെഡിക്കൽ ഓഫീസറുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം.427602010005084) ₹99000/- മേൽ പരാമർശിത വൗച്ചർ പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ ടി ചെലവിന് ആധാരമായ മറ്റു വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമായില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/തീ.6.12.23) മറുപടി ലഭ്യമായില്ല. തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തിനാൽ ₹99000/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-19 മഴക്കാല പൂർവശുചീകരണം ചെലവു രേഖകൾ ഹാജരാക്കിയില്ല

2022-ലെ മഴക്കാലപൂർവ ശുചീകരണപ്രവർത്തനങ്ങളുടെ ഏകോപനത്തിനായി വൗച്ചർ നം. 22200152 തീ. 25.5.22 പ്രകാരം ഗ്രാമപഞ്ചായത്തിലെ ഓരോ വാർഡിനും ₹10000/- നിരക്കിൽ ആകെ ₹140000/- ചെമ്പകപ്പാറ പി.എച്ച്.സി. മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ ചെലവു വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (4/6.12.23) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തില്ല. വിനിയോഗ രേഖകൾ ഹാജരാക്കാത്തതിനാൽ ₹140000 /- യുടെ

ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1- 20 ഹെഡ് മാസ്റ്റർ നടപ്പാക്കിയ പ്രൊജക്ടിന്റെ ഫയലുകൾ ഹാജരാക്കിയില്ല

2022-23 വർഷം ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ കൊടുത്തിട്ടുള്ള പ്രോജക്ടിനായി ആകെ ₹340872/- വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗം പരിശോധിക്കുന്നതിന് പ്രോജക്ട് ഫയലുകൾ ഹാജരാക്കിയില്ല.

| പ്രൊജക്ട് നം | പ്രൊജക്ടിന്റെ പേര് | ഫണ്ടിനം, അടങ്കൽ തുക ₹ | ചെലവഴിച്ച തുക ₹ |
|---|---|---|---|
| 134/2023 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് | വികസന ഫണ്ട് പൊതുവിഭാഗം-90472, വികസന ഫണ്ട് (എസ്.സി.പി.) 250400 | 340872-<br>(250400/-<br>BRN 22100852010701413077/ 20.3.23)<br>(90472/-<br>BRN 22100852010701413090/ 20.3.23) |

ഫയലുകൾ അടിയന്തിരമായി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്ന് അറിയിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം. 9/തീ.6.12.23) അവ ലഭ്യമാക്കിയില്ല. രേഖാമൂലം അറിയിപ്പ് നൽകിയിട്ടും ഫയൽ ഹാജരാക്കിയില്ല. ഫയലുകളും രേഖകളും ഹാജരാക്കാത്ത സാഹചര്യത്തിൽ പ്രോജക്ടിനായി ചെലവഴിച്ച ₹340872/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-21 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പരാമർശിക്കുന്ന സംയുക്ത-ഫണ്ട് കൈമാറൽ പ്രൊജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം അതത് ഏജൻസികളിൽ നിന്ന് ലഭിച്ചിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം., പേര് | ഫണ്ടിനം | ബിൽ നം., തീയതി | ചെലവു തുക ₹ |
|---|---|---|---|---|
| 1 | 72/23, എസ്.എസ്.എ. വിഹിതം നൽകൽ | വികസനഫണ്ട് പൊതുവിഭാഗം | 22100852013600705294, 27.10.22 | 600000 |
| 2 | 83/23, പി.എം.എ.വൈ. വിഹിതം (എസ്.സി.പി.) | വികസനഫണ്ട് എസി.സി.പി. | 22100852013601173655, 10.02.23<br>22100852013600538840, 14.09.22 | 45000<br>49500 |
| 3 | 84/23, പി.എം.എവൈ വിഹിതം(ജനറൽ) | വികസനഫണ്ട് പൊതുവിഭാഗം | 22100852013600463766, 26.08.22<br>22100852013601173649, 10.02.23 | 100000<br>40000 |
| | ആകെ | | | 834500 |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ₹834500/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അവ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-22 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -വിതരണ ഏജൻസി ഔഷധങ്ങൾ പൂർണമായി ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് തൻവർഷത്തെ പദ്ധതിയിലുൾപ്പെടുത്തി മരുന്നുകൾ വാങ്ങുന്നതിന് ആലപ്പുഴ ഹോംകോയ്ക്ക് തുക കൈമാറിയെങ്കിലും പ്രസ്തുത ഔഷധങ്ങൾ നാളിതുവരെ പൂർണമായി വിതരണം ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ, പ്രോജക്ട് നം, പേര് | നിർവഹണ ഏജൻസി | കൈമാറിയ തുക ₹ | കൈമാറ്റ വിശദാംശങ്ങൾ | വിതരണം ചെയ്ത മരുന്നുകളുടെ മൂല്യം ₹ | ക്രമീകരിക്കാൻ ശേഷിക്കുന്ന തുക ₹ |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (ഹോമിയോ) എസ് 15/23 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | ഹോംകോ ആലപ്പുഴ | 200000 | NEFT മുഖേന സ്ഥാപനത്തിന് എസ്.ബി.ഐ ആലപ്പുഴ കൈചൂണ്ടി ശാഖയിലുള്ള 34306403911 നമ്പർ അക്കൗണ്ടിലേക്ക് 02.11.2022 – ൽ ട്രാൻസ്ഫർ ചെയ്തു. | 104465 | 95535 |

ആവശ്യപ്പെട്ടിരുന്ന ഔഷധങ്ങൾ അടിയന്തിരമായി ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-23 ഹരിത കർമ്മസേന – പ്രവർത്തനാവലോകനം

I. ഹരിത കർമ്മസേന – അടിസ്ഥാന വിവരങ്ങൾ

30.11.2020 നാണ് ഹരിത കർമ്മസേന പ്രവർത്തനം ആരംഭിച്ചത്. 14 വാർഡുകൾ ഉള്ള ഗ്രാമ പഞ്ചായത്തിൽ നിലവിൽ 28 അംഗങ്ങളാണ് ഹരിത കർമ്മസേനയിൽ ഉള്ളത്.

- വീട് ഒന്നിന് ₹50/- യും, കടകൾക്ക് ₹100/- യുമാണ് യൂസർ ഫീ നിശ്ചയിച്ചിട്ടുള്ളത്. നിലവിൽ ക്യൂആർ കോഡ് പതിപ്പിക്കൽ പൂർണ്ണമായിട്ടുണ്ട്.
- ഹരിത കർമ്മസേന അംഗങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട പ്രസിഡണ്ട്, സെക്രട്ടറി, എന്നിവരുടെ നേതൃത്വത്തിലാണ് ഹരിതകർമ്മസേന പ്രവർത്തനങ്ങൾ നടത്തുന്നത്. ഇരട്ടയാർ ഫെഡറൽ ബാങ്ക് ശാഖയിലെ 11370200123358 ബാങ്ക് അക്കൗണ്ടിലൂടെയാണ് സാമ്പത്തിക ഇടപാടുകൾ നടത്തിവരുന്നത്.
- ഹരിത കർമ്മസേനയുടെ പ്രധാന വരുമാന മാർഗ്ഗം യൂസർഫീ, സ്ക്രാപ്പ് സെയിൽസ് എന്നിവയാണ്.

II. അടിസ്ഥാന സൗകര്യങ്ങൾ

ഹരിത കർമ്മസേന പ്രവർത്തനം സംന്ധിച്ച സർക്കാർ ഉത്തരവ് പ്രകാരം അജൈവ പാഴ് വസ്തുക്കൾ സംഭരണം നടത്തുന്നതിന് ആവശ്യമായ എം.സി.എഫ്.കൾ, 150 സ്ക്വയർ ഫീറ്റിൽ കുറയാതെ ഒരു വാർഡിന് ഒരെണ്ണം എന്ന രീതിയിലോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ കുടുംബശ്രീ സിഡിഎസിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ഓരോ ഹരിതകർമസേനാ സംരംഭത്തിനും ഒന്ന വീതം എന്ന രീതിയിലോ ഉണ്ടായിരിക്കേണ്ടതാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ ഓരോ 25000 ജനസംഖ്യയ്ക്കും 1000 സ്ക്വയർ ഫീറ്റിൽ കുറയാതെ വിസ്തീർണ്ണമുള്ള മെഗാ എം.സി.എഫ്.കൾ നിർമ്മിക്കുകയോ വാടകയ്ക്ക് ഏർപ്പെടുത്തിയിരിക്കുകയോ വേണം. (12-08-2020 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1496/2020/ ത.സ്വ.ഭ.വ.). നിലവിൽ ഇരട്ടയാർ ഗ്രാമപഞ്ചായത്തിനു സമീപമായാണ് എം.സി.എഫ്. പ്രവർത്തിക്കുന്നത്. എന്നാൽ വാർഡ് തലത്തിൽ 10 മിനി എം.സി.എഫ്.കൾ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്. 2023-24 ൽ അവശേഷിക്കുന്ന നാലു വാർഡുകളിൽ മിനി എം.സി.എഫ്. സ്ഥാപിക്കുന്നതിന് പ്രൊജക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. മാലിന്യ നീക്കത്തിന് ഹരിത കർമസേനയ്ക്ക് വാഹനവും ഡ്രൈവറും നിലവിലുണ്ട്.

III. പ്രവർത്തനങ്ങൾ

1) മാലിന്യ ശേഖരണം / കയ്യൊഴിക്കൽ

ഹരിത കർമ്മസേനയിലെ രണ്ട് അംഗങ്ങൾ വീതമുള്ള ബാച്ച് ആണ് ഓരോ വാർഡിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നത്. ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ വാഹനത്തിൽ MCF ലേക്ക് എത്തിക്കുകയും അവിടെ വച്ച് തരം തിരിച്ച് വില്പന നടത്താവുന്നവ വില്പന നടത്തുകയും മറ്റുള്ളവ റിജക്റ്റഡ് വേസ്റ്റ് കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങൾക്ക് നൽകി കൈയ്യൊഴിക്കുകയുമാണ് ചെയ്യുന്നത്. നിലവിൽ സ്വകാര്യ കമ്പനികളാണ് ബെയിൽ ചെയ്ത പ്ലാസ്റ്റിക് മാലിന്യം തുക നൽകി കൊണ്ടു പോകുന്നത്. ബ്ലോക്കിലെ ആർ.ആർ.എഫ്. കൂടിയായ എം.സി.എഫ്. കെട്ടിടത്തിൽ 2 ബെയിലിംഗ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. കേന്ദ്രീകൃത ഓട്ടോമാറ്റിക്ക് ഫയർ എക്സ്റ്റിംഗ്യൂഷറുകൾ എംസിഎഫിൽ പ്രവർത്തനക്ഷമമാണ്. ബ്ലോക്കിൽ നിന്നും ലഭിച്ച ബെയിലിംഗ് മെഷീൻ കൂടാതെ സി.എസ്.ആർ. ഫണ്ട് വഴി ലഭിച്ച ബെയിലിംഗ് മെഷീനും ഫലപ്രദമായി ഉപയോഗിച്ച് വരുന്നുണ്ട്. തരം തിരിക്കലുൾപ്പെടെയുള്ള പ്രവർത്തനം നിലവിൽ വളരെ വിജയകരമായി നടന്നു വരുന്നുണ്ട്. അംഗങ്ങൾക്ക് ₹10000/- യോളം പ്രതിമാസം വരുമാനം നിലവിൽ ലഭിക്കുന്നുണ്ട്.

2) യൂസർ ഫീ കളക്ഷൻ

അജൈവ മാലിന്യം ശേഖരിക്കുന്നതിന് ഗുണഭോക്താക്കളിൽ നിന്ന് യൂസർ ഫീ കളക്റ്റ് ചെയ്യുന്നതിന് രസീത് നൽകുന്നുണ്ട്. കൃത്യമായ കാഷ് ബുക്കിന്റെ അഭാവത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ ആകെ കളക്ഷൻ, സ്ക്രാപ്പ് വിൽപ്പനയിലൂടെ ലഭിച്ച തുക എന്നിവ സംബന്ധിച്ച വിവരം പരിശോധിക്കാനായില്ല. കൃത്യമായ വരവ് ചെലവു കണക്കുകൾ സൂക്ഷിക്കേണ്ടതാണ്.

മാലിന്യ ശേഖരണം എന്നതിലുപരി ഇതിനെ ഒരു സംരംഭമായി വളർത്തി മാന്യമായ തൊഴിൽ മേഖലയാക്കി മാറ്റുന്നതിന് സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പരിഗണിച്ച് കൺസോർഷ്യം എവർഗ്രീൻ എന്ന പേരിൽ സ്വന്തമായി സംരംഭക പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയുടെ പഞ്ചായത്തിലെ ബോർഡുകൾ നിലവിൽ സ്ഥാപിക്കുന്നത് പ്രസ്തുത സംരംഭ യൂണിറ്റാണ്.

IV. പ്രവർത്തന ചെലവുകൾ

2022-23 വർഷത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി പ്രോജക്റ്റ് പ്രകാരം പഞ്ചായത്ത് ഫണ്ട് ചെലഴിച്ചതിന്റെ വിവരം താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് | ചെലവ് ₹ |
|---|---|
| 43/23, മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് സ്മാർട് ഗാർബേജ് സിസ്റ്റം | 56000 |
| നിർവഹണ ഉദ്യോഗസ്ഥൻ | വിഇഒ |

ഇതു കൂടാതെ യൂണിഫോം, റെയിൻകോട്ട് എന്നിവയ്ക്കായി തനതു ഫണ്ടിൽ നിന്നും തുകകൾ ചെലവഴിച്ചിട്ടുണ്ട്.

V. ശുപാർശകൾ

- ഹരിത കർമ്മ സേനയുടെ പ്രവർത്തനം സർക്കാർ നിർദ്ദേശപ്രകാരം സുഗമമായും സുതാര്യമായും നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. കൃത്യമായ വരവ് ചെലവ് രേഖപ്പെടുത്തലുകൾ നടത്തുകയും മേൽ പരിശോധന നടത്തുകയും ചെയ്യേണ്ടതാണ്.
  .മാലിന്യസംസ്കരണത്തിന് പൊതു ജനങ്ങളുടെ സഹകരണം ഉറപ്പുവരുത്തുന്നതിനും, മാലിന്യത്തിന്റെ അളവ് കുറക്കുന്നതിനും ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യേണ്ടതുമാണ്.

.വാർഡുകളിൽ ആവശ്യമായ മിനി എം.സി.എഫു.കൾ പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

. വാർഡ്തലത്തിൽ പിരിച്ചെടുക്കുന്ന യൂസർ ഫീ, വിൽപ്പന നടത്തുന്ന സ്ക്രാപ്പ്, മെയിൻ എം.സി.എഫ്-ൽ നിന്നും വിൽക്കുന്ന അജൈവ മാലിന്യങ്ങൾ എന്നിവയുടെ കണക്കുകൾ കൃത്യതയോടെ എഴുതി സൂക്ഷിക്കേണ്ടതാണ്.

. എംസി.എഫിലേക്ക് എത്തിക്കുന്ന അജൈവ മാലിന്യങ്ങളുടെ തരം തിരിച്ചുള്ള അളവ് രേഖപ്പെടുത്തുന്നതിന് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയത് കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

. 2022-23 സാമ്പത്തിക വർഷം കൈയ്യൊഴിഞ്ഞ അജൈവ മാലിന്യങ്ങളുടെയും ലഭ്യമായ തുകയുടെയും വിവരം ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. വരവു-ചെലവുകൾ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

. പഴയ പഞ്ചായത്ത് കെട്ടിടത്തിൽ സജ്ജീകരിച്ചു വരുന്ന തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തന ക്ഷമമാക്കുമ്പോൾ ജൈവ മാലിന്യങ്ങൾ വളമാക്കി വിൽപ്പന നടത്തുന്നത് ഹരിതകർമ്മസേനാംഗങ്ങളെ ഏൽപ്പിച്ച്, സംരംഭത്തിന്റെയും അംഗങ്ങളുടെയും വരുമാന വർദ്ധനയ്ക്കുള്ള സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്റ്റിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2022-2023 | 400000 | സുവർണ്ണഭവനം (192/23) | 400000 | 0 |
| | 2022-2023 | 2280000 | ഇരട്ടയാർ ഗ്രാമപഞ്ചായത്ത്-എസ്‌സി സി വിഭാഗം-നവകേരളം-ലൈഫ് ഭവന നിർമാണം (85/23) | 2280000 | 0 |
| | 2022-2023 | 40000 | ഇരട്ടയാർ ഗ്രാമപഞ്ചായത്ത്-ലൈഫ് ഭവന നിർമാണം ജനറൽ(68/23) | 40000 | 0 |
| | 2022-2023 | 394850 | ഇരട്ടയാർ ഗ്രാമപഞ്ചായത്ത്-ഭിന്നശേഷി സ്കോളർഷിപ്പ് (165/23) | 394850 | 0 |
| | 2022-2023 | 971044 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (89/23) | 971044 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 70000 | ഇരട്ടയാർ ഗ്രാമപഞ്ചായത്ത്-ഭിന്നശേഷി സ്കോളർഷിപ്പ് (165/23) | 70000 | 0 |
| | 2022-2023 | 500000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (89/23) | 500000 | 0 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പരാമർശിക്കുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കെ. എസ്. ഇ.ബി | വിവിധ അങ്കണവാടികൾക്ക് വൈദ്യുതി കണക്ഷൻ-കെ.എസ്.ഇ.ബിയിൽ തുക ഡെപ്പോസിറ്റ് ചെയ്യൽ (55/23) | BRNo. 22100452012301527632/ തീ. 28.03.2023 | 39526 | 0 | 39526 |
| | അങ്കണവാടികൾക്ക് വൈദ്യുതി കണക്ഷൻ-കെ.എസ്.ഇ.ബിയിൽ തുക ഡെപ്പോസിറ്റ് ചെയ്യൽ (194/23) | | 25712 | 0 | 25712 |

പദ്ധതികൾ പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-4 വായ്പ/വായ്പ തിരിച്ചടവ്

ലോൺ രജിസ്റ്റർ അപൂർണ്ണമായതിനാൽ ഈ ഇനത്തിലുള്ള തുകകളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്താൻ സാധിക്കുന്നില്ല. വാർഷിക കണക്കുകൾ പ്രകാരം ഓഡിറ്റ് വർഷം പഞ്ചായത്തിന് Secured Loans From State Government എന്ന ഹെഡിൽ ₹1000000/- യും ഹഡ്കോ ലോണിനത്തിൽ ₹1989738/- യും വരവുണ്ട്.

ബാലൻസ് ഷീറ്റ് B5 ഷെഡ്യൂൾ പ്രകാരം സഹകരണ ബാങ്ക് വായ്പയിനത്തിൽ ₹1805594/- തിരിച്ചടയ്ക്കാനായി അവശേഷിക്കുന്നത്. എന്നാൽ യഥാർത്ഥത്തിൽ ഈ തുക ഷോപ്പിംഗ് കോംപ്ലക്സ് നിർമാണത്തിനായി KURDFC യിൽ നിന്നും എടുത്ത ₹7500000/- ലക്ഷം രൂപയുടെ തിരിച്ചടയ്ക്കാനവശേഷിക്കുന്ന തുകയാണ്. തൻവർഷം പ്രൊജക്ട് നം. 132/23 പ്രകാരം ഈയിനത്തിൽ തനതുഫണ്ടിൽ നിന്നും ₹911638/- തിരികെ അടച്ചതിനു ശേഷമുള്ള തുകയാണിത്.

KURDFC (ലൈഫ്) ലോൺ ഇനത്തിൽ ₹9719888/- തിരികെ അടവാക്കാനുണ്ട് ഓഡിറ്റ് വർഷം ജി.ഒ. പ്രൊജക്ട് പ്രകാരം ₹1150780/- ഈയിനത്തിൽ മുതലിലേക്ക് ഈടാക്കിയിട്ടുണ്ട്). Secured Loans From State Government ൽ ₹280000/- യും ഹഡ്കോ ലോണിനത്തിൽ ₹39720/- യും തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നുണ്ട്. കൃത്യമായി വായ്പ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഈയിനത്തിലെ തുകകൾ എന്താവശ്യത്തിനെടുത്തതാണെന്നോ ഇതുവരെയുള്ള തിരിച്ചടവിന്റെ വിവരങ്ങളോ പരിശോധിക്കാനായിട്ടില്ല. വായ്പ രജിസ്റ്റർ കൃത്യമാക്കി ഓരോ ലോണിനത്തിലെയും ലോണെടുത്ത തുകകളുടെയും നാളിതുവരെ തിരിച്ചടച്ച തുകകളുടെയും തിരിച്ചടയ്ക്കാനവശേഷിക്കുന്ന തുകകളുടെയും വിവരങ്ങൾ സ്റ്റേറ്റ്മെന്റുകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1499000 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 1499000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 1000000 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 499000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | പലിശ |
|---|---|---|---|---|
| ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയീസ് സഹകരണ സംഘം | 17.06.2021 | 24 മാസം | 499000 | 7.25% |
| ആകെ | | | 499000 | |

(ബാലൻസ് ഷീറ്റ് ബി 12 ൽ Investment തുകയായി ₹499999/- എന്ന് തെറ്റായാണ് രേഖപ്പെടുത്തിയിട്ടുള്ളത്)

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

(എ) ചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരം ഈടാക്കിയതിന്റെ വിവരം

ഇല്ല

ബി) സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരം ഈടാക്കേണ്ട തുകയുടെ വിവരം

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, | സർചാർജ്ജ് സർട്ടിഫിക്കറ്റ് | സ്വയം അടവാക്കിയ തുക (രസീത് | സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക | റവന്യു റിക്കവറി നടപടി യിലൂടെ ഈടാ | കോടതി വ്യവഹാരങ്ങളിൽ | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|

| | | | ഭരണവകുപ്പ് | | | നമ്പർ / തീയതി) | യഥാ സമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ഇല്ല) | ക്കിയ തുക (തീയതി) | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) |
| 1 | 1996-97 | 31 | പി. എ. അന്നമ്മ സെക്രട്ടറി | എൽ.എഫ്. 28315 സ്പെ.സെൽ/ എസ്.സി. 2/99 തീ.12.2001. | 1600 | ഇല്ല | ഇല്ല | | | | | 1600 | |
| 2 | 1997-98 | 20ബി. | കെ. കെ. ശശിധരൻ സെക്രട്ടറി | എൽ.എഫ്. 22631/ സ്പെ.സെൽ/ എസ്.സി. 2/2001 തീ.22.03.2002. | 1353 | ഇല്ല | | | | | | 1353 | |
| 3 | 1997-98 | 28 | കെ. കെ. ശശിധരൻ സെക്രട്ടറി | എൽ.എഫ്. 22631/ സ്പെ.സെൽ/ എസ്.സി .2/2001 തീയതി 22.03.2002. | 1545 | ഇല്ല | | | | | | 1545 | |
| 4 | 2001-02 | 29 | കെ. കെ. ശശിധരൻ സെക്രട്ടറി | എൽ.എഫ്. 22631/ സ്പെ.സെൽ/ എസ്.സി. 2/2001 തീയതി 22.03.2002. | 2472 | ഇല്ല | | | | | | 2472 | |
| 5 | 2001-02 | 3(4) എ | ശ്രീ. ബേബി തോമസ് | എൽ.എഫ്. 16706/ സ്പെ.സെൽ/ എസ്.സി. 2/2005 തീ.07.10.2006 | 16613 | ഇല്ല | | | | | | 16613 | |
| 6 | 2009-10 | 3-5 | ശ്രീ. പി. രാധാകൃഷ്ണൻ നായർ സെക്രട്ടറി | എൽ.എഫ്. 852/ സ്പെ.സെൽ/ സി.എസ്. സി. സി1./2014 തീ. 18.03.2016 | 73367 | ഇല്ല | | | | | | 73367 | |
| 7 | 1997-98 | 25, 27, 28, 29 | ശ്രീ. കെ. കെ. ശശിധരൻ സെക്രട്ടറി | എൽ.എഫ്. 22631/ സ്പെ.സെൽ/ സി.എസ്. സി. സി1/2001 തീ. 08.11.2002 | 4407 | ഇല്ല | | | | | | 4407 | |

ഈടാക്കാനവശേഷിക്കുന്ന തുകകൾ കൂടി ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 5880822 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 36705777 |
| ആകെ | 42586599 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 31905122 |
| നീക്കിയിരിപ്പ് | 10681477 |
| (കുറിപ്പ്:- പഞ്ചായത്തിന്റെ 2022-23 ലെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്.) | |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1414372 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | - ഇല്ല - | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 99000 | എൻ.ആർ. ശിവദാസ്,സെക്രട്ടറി |
| 1-19 | 140000 | ” |
| 1-20 | 340872 | പക്രാഷ്യസ് കെ.സി.,ഹെഡ്മാസ്റ്റർ |
| 1-21 | 834500 | എൻ.ആർ. ശിവദാസ്, സെക്രട്ടറി |
| ആകെ | 1414372 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല –

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എൻ.ആർ. ശിവദാസ്,സെക്രട്ടറി | സെക്രട്ടറി, ഇരട്ടയാർ ഗ്രാമപഞ്ചായത്ത് | നെട്ടുവൻപാറയിൽ,<br>ഇളകൊള്ളൂർ പി.ഒ.,<br>കോന്നി, പത്തനംതിട്ട ജില്ല |
| പക്രാഷ്യസ് കെ.സി.,ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ്., ഇരട്ടയാർ | വട്ടമറ്റത്തിൽ വീട്,<br>ചെമ്പകപ്പാറ പി.ഒ. |

4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പാർട്ടുകൾ

താഴെ കൊടുത്തിരിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുകയാണ്. തടസ്സങ്ങൾ പരിഹരിക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2009-10 | കെ.എസ്.എ.ഐ.ഡി.കെ.പി3/1326/2009-10 അദാലത്ത്/2022 | 2 | 3-5, 3-10-ബി1 |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ.പി3/1326/2014-15 അദാലത്ത്/2022 | 1 | 3-2 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ.പി3/1326/2015-16 | 3 | 3-2, 3-4, 3-5 |

| | | | |
|---|---|---|---|
| | അദാലത്ത്/2022 | | |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ.പി3/1326/2016-17 അദാലത്ത്/2022 | 1 | 2-1 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ.പി3/1326/2017-18 അദാലത്ത്/2022 | 4 | 3-1, 3-2, 3-4, 3-5 |
| 2018-19 | കെ.എസ്.എ.ഐ.ഡി.കെ.9/834/2019 തീ.19.10.2019 | 10 | 1-9, 1-11, 1-13, 1-15 മുതൽ 1-20 വരെ, 4-11 |
| 2019-20 | നം.കെ.എസ്.എ-ഐ.ഡി.കെ-9/376/2021, തീയതി 07.05.2021 | 16 | 1-1, 1-9, 1-11 മുതൽ 1-13 വരെ, 1-15, 1-17, 1-19 മുതൽ 1-22 വരെ, 1-24, 1-26, 4-5, 4-9 |
| 2020-21 | നം.കെ.എസ്.എ-ഐ.ഡി.കെ-9/353/2022 തീയതി 7.05.2022 | 25 | 1-1,1-2, 1-8, 1-9 മുതൽ 1-23 വരെ, 2-1, 2-2, 3-1, 3-2, 4-8, 4-9, 4-11 |
| 2021-22 | നം. കെ.എസ്.എ.ഐ.ഡി.കെ.പി.3-1046/2022 തീയതി 21.06.23 | 13 | 1-9, 1-13 മുതൽ 1-19 വരെ1-21, 1-22, 3-1, 3-2 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 26-06-2023 and submitted on 27-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Erattayar Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Erattayar Grama Panchayat for the year 2022-2023

Date: 27/12/2023

Deputy Director
District Office Idukki
Kerala State Audit Department

**Audit Report appended to the Audit Certificate of Erattayar Grama Panchayat for the Year 2022-2023 .**

**1.Major Observations**

1. All mandatory financial statements prescribed in accounting rules are not submitted for audit.
2. Non dislosure of assets. Asset register is not comprehensive and uptodate.

**2.Other Observations**

1. Cash flow statement-net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.
2. Loan register is not maintained correctly and doesnot match with accounts.
3. Lapses in making timely and accurate demand entries in respect oftax and non tax revenue.
4. Lack of authenticated journal vouchers for supporting the adjustment entries recorded and those recorded in prior period items.
5. Liability amounts shown as liability in balance sheet does not match Bank accounts maintained for the respective liabilities.
6. Investment amount shown in the balance sheet (B-12 Schedule) is not correct.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ ഇരട്ടയാർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്